പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2009 ഫെബ്രുവരി 17, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

1 (*1 &*23) ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനം

മുഖ്യമന്ത്രി (ശ്രീ. വിഎസ് അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ഇൻഫോ പാർക്ക് കൊച്ചിയുടെ രണ്ടാംഘട്ട വികസനത്തിനായി ഏകദേശം 160 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി എൽ.എ. ആക്ട് പ്രകാരമുള്ള വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞതായി സഭയെ അറിയിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. 5.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പുതിയ ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ചേർത്തല, കൊരട്ടി എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അമ്പലപ്പുഴ പാർക്കിന് 15-2-2009-ന് തറക്കല്ലിട്ടു. ചേർത്തല ഇൻഫോപാർക്കിന് 66 ഏക്കർ സ്ഥലവും

അമ്പലപ്പുഴ ഇൻഫോ പാർക്കിന് 100 ഏക്കർ സ്ഥലവും കൊരട്ടി ഇൻഫോപാർക്കിന് 42 ഏക്കർ സ്ഥലവും വേണ്ടിവരും. രണ്ടാം ഘട്ട വികസനം 2013-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇൻഫോപാർക്ക് കൊച്ചിയുടെ രണ്ടാം ഘട്ട വികസനത്തിൽ ഏകദേശം 50,000 പേർക്കും ഇൻഫോ പാർക്ക് ചേർത്തല, അമ്പലപ്പുഴ, കൊരട്ടി എന്നിവയുടെ വികസനത്തിലൂടെ ഏകദേശം 32,000 പേർക്കും തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഇൻഫോ പാർക്കിൽ പുതിയതായി 4500 ആളുകൾക്കും ടെക്നോപാർക്കിൽ ഏകദേശം 20,000 ആളുകൾക്കും തൊഴിൽ ലഭിക്കത്തക്ക വിധത്തിലുള്ള വികസനപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആഗോളസാമ്പത്തിക മേഖലയിലുണ്ടായ മാന്ദ്യം ഐ.ടി.മേഖലയേയും ടൂറിസ്റ്റ് രംഗത്തേയും ചെറിയതോതിൽ ബാധിച്ചിട്ടുണ്ടെങ്കിലും അത് ശാശ്വതമായി നിലനിൽക്കുന്നതല്ല. സാമ്പത്തികമാന്ദ്യത്തിലുണ്ടായ അപകടകരമായ സ്ഥിതി മനസ്സിലാക്കി പുതിയ സംരംഭങ്ങൾ ആകർഷിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് ഗൾഫ് നാടുകളിൽ നിന്ന് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സർക്കാർ ഫണ്ടും സ്വകാര്യ ഫണ്ടും ഉപയോഗിച്ച് കണ്ണൂരിലെ എരമത്തും കാസർകോട് ചീമേനിയിലും ഇൻഫോപാർക്കുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനഗവണ്മെന്റിന്റെ ഭാഗത്ത് നിന്നുള്ള തടസ്സങ്ങൾ മാറിയ സാഹചര്യത്തിൽ സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കുന്നതിന് കാലവിളംബം

വരുന്നതിനെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഐ.ടി. പാർക്കുകൾക്കുവേണ്ടി കുടിയൊഴിപ്പിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അവർക്കിഷ്ടമുള്ള സ്ഥലം സൗകര്യപ്പെടുത്തുകയും പ്രസ്തുത കുടുംബത്തിലെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരാൾക്ക് ഐ.ടി. പാർക്കിൽ ജോലി കൊടുക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്. ടെക്നോപാർക്കിൽ നിന്ന് ജീവനക്കാരെ പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും തൊഴിൽ വകുപ്പും ചേർന്ന് മാനേജ്മെന്റുകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ട ചില ആളുകളെ തിരിച്ചെടുത്തിട്ടുണ്ട്. മറ്റുള്ളവർക്ക് ചില സ്ഥാപനങ്ങളിൽ ജോലി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. സംസ്ഥാനത്തിന്റെ 14 ജില്ലകളിലും ഇൻഫോ പാർക്ക്, ടെക്നോപാർക്ക് തുടങ്ങിയ ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കാനാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നതെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

2(*2) <u>ഒരു കോടി വൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുന്ന പദ്ധതി</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, കേരളത്തിലെ പഞ്ചായത്തുകൾവഴി വനേതര പ്രദേശങ്ങളിൽ വൃക്ഷവൽക്കരണം നടത്തുന്നതിനായി ‘ഹരിതകേരളം’ എന്ന പേരിൽ 2009 ജൂൺ 5-ന് ഒരു പദ്ധതിക്ക് തുടക്കം കുറിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഈ പദ്ധതി പ്രകാരം അടുത്ത രണ്ടു സാമ്പത്തിക വർഷങ്ങളിലായി ഒരുകോടി വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നും സഭയെ അറിയിച്ചു. പഞ്ചായത്തിൻ കീഴിലുള്ള പൊതുസ്ഥലങ്ങൾ,

സർക്കാർ-സർക്കാരേതര ഭൂമി, പാതയോരങ്ങൾ, റെയിൽപ്പാതയോരങ്ങൾ, നദി, പുഴ,തോട് എന്നിവയുടെ കരകൾ തുടങ്ങിയ ലഭ്യമായ എല്ലാ പ്രദേശങ്ങളിലും വൃക്ഷവൽക്കരണം നടത്തുന്നതാണ്. ഈ പദ്ധതി പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിലും ശരാശരി 10,000 വൃക്ഷത്തൈകൾ വീതമാണ് നട്ടുപിടിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് തൈ ഉൽപ്പാദനം, തൈ നടീൽ, തൈകളുടെ പരിചരണ പരിപാലനം, വീട്ടുവളപ്പുകളിൽ നടുന്നതിനായി വൃക്ഷത്തൈകളുടെ വിതരണം തുടങ്ങിയ പ്രവൃത്തികളുടെ ചുമതല പഞ്ചായത്തുകൾക്കാണ്. തൈ ഉൽപ്പാദനം മുതൽ എല്ലാ പ്രവൃത്തികളും എൻ.ആർ.ഇ.ജി ഫണ്ട് ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. പദ്ധതിക്കുള്ള തൈകളുടെ വിത്തുകൾ നൽകൽ, തൈ ഉൽപ്പാദനത്തിന് കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകൽ, പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണം, പദ്ധതി ജനകീയ പങ്കാളിത്തത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ പ്രചരണം തുടങ്ങിയ പ്രവൃത്തികളുടെ ചുമതല വനം വകുപ്പിന്റേതാണ്. ഇതിനാവശ്യമായ തൈകൾ മുഴുവൻ സൗജന്യമായിട്ടാണ് നൽകുന്നത്. ഈ പദ്ധതിയിൻകീഴിൽ എൻ.ജി.ഒ-മാർ, സ്വകാര്യസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവരുടെ സഹകരണവും ആവശ്യമാണ്. വിവിധ പദ്ധതികളിലായി സംസ്ഥാനത്ത് ഇതിനകം 58 ലക്ഷം തൈകൾ വച്ചുപിടിപ്പിച്ചതിൽ 75.56 ശതമാനം വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. “ആഗോള താപനം- മരമാണ് മറുപടി” എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ വനേതര പ്രദേശങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെയും സഹകരണത്തോടെയും വനംവകുപ്പ്

നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ 'എന്റെ മരം,' 'വഴിയോര തണൽ', 'ഹരിത തീരം,' 'നമ്മുടെ മരം' എന്നിവ. 2007 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. എന്റെ മരം പദ്ധതി-യുടെ ഭാഗമായി സ്വകാര്യസ്കൂളുകളിലും തൈകൾ വിതരണം ചെയ്യുന്നുണ്ട്. എല്ലാ വർഷവും ജൂൺ മാസം അഞ്ചാം ക്ളാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് തൈകൾ വിതരണം ചെയ്യുകയും ഓരോ സ്ക്കൂളിലും വനംവകുപ്പ് മുഖേന അവയുടെ പരിപാലനം നടത്തുന്നുമുണ്ട്. തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ റോയൽ വുഡ്സ് സംരക്ഷിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വച്ചുപിടിപ്പിക്കുന്ന മരങ്ങളുടെ സംരക്ഷണം തദ്ദേശവാസികൾ, വിദ്യാർത്ഥികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരുടെ സഹായത്തോടെ മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്; അതിന് സഭയുടെ നിർദ്ദേശങ്ങളും സഹകരണവും ആവശ്യമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സോഷ്യൽ ഫോറസ്ട്രിയിൽ അക്കേഷ്യയടക്കമുളള വിദേശ ഇനങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ വ്യവസായ ആവശ്യത്തിനുവേണ്ടി ചില തോട്ടങ്ങളിൽ അക്കേഷ്യ വച്ചുപിടിപ്പിക്കുന്നുണ്ട്. ഫലവൃക്ഷതൈകൾ വച്ചുപിടിപ്പിക്കാനായി എല്ലാ പഞ്ചായത്തുകളോടും അവയുടെ പട്ടിക ആവശ്യപ്പെട്ടിട്ടുണ്ട്. തരിശായി കിടക്കുന്ന ഗവണ്മെന്റ് ഭൂമിയിൽ കെട്ടിടം ഒഴിച്ച് ബാക്കി സ്ഥലത്ത് പരമാവധി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാനും ഹൗസിംഗ് കോംപ്ളക്സുകളുടെ പ്ളാൻ അംഗീകരിക്കുമ്പോൾ തന്നെ അവിടെ എത്ര വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ കഴിയുമെന്നുളളത് പരിശോധിച്ച് നടപടി

സ്വീകരിക്കുന്നതുമാണ്. നിയമസഭാ സാമാജികർ മുൻകയ്യെടുത്ത് ഓരോ നിയോജകമണ്ഡലത്തിലും ലഭ്യമായ സ്ഥലം ഏറ്റെടുത്ത് മരം വച്ചുപിടിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചാൽ ഗവണ്മെന്റ് വേണ്ട സാങ്കേതിക സഹായം നൽകാൻ സന്നദ്ധമാണ്. പ്ലാവ്, മാവ്, പുളി തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ സഹായമായ 40 ലക്ഷം രൂപ ഉപയോഗപ്പെടുത്തി കാവുകളുടെ സംരക്ഷണത്തിനായി ഈ വർഷം ഒരു സ്കീം ആരംഭിക്കാൻ പോകുകയാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 239 വരെയുള്ള ചോദ്യങ്ങളിൽ 186 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. )